**കേരള സർക്കാർ**

**ജലസേചനവകുപ്പ് ലേലപരസ്യം**

നംബർ : 01/2017-18

തീയതി : 06-02-2018.

കേരള ഗവർണർക്കുവേണ്ടി ജലസേചനവകുപ്പ് എറണാകുളം ഡ്രഡ്ജർ സബ്ഡിവിഷൻ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ജിനീയറുടെ ആഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ജലസേചനവകുപ്പിൻെറ കീഴിലുള്ള എറണാകുളം ഡ്രഡ്ജർ സബ്ഡിവിഷനിലെ ഡ്രഡ്ജർ ക്യാപ്റ്റൻ 4 ൻെറ അധീനതയിലുള്ള അന്ധകാരനഴിയിൽ സൂക്ഷിച്ചിരിക്കുന്നതും എറണാകുളം മെക്കാനിക്കൽ സൂപ്രണ്ടിംഗ് എഞ്ജിനീയറുടെ സർവ്വേ റിപ്പോർട്ടു നമ്പർ 1/2017-18 പ്രകാരം ലേലം വിളിക്കാൻ അനുവാദം ലഭിച്ചിട്ടുള്ളതുമായ ഉപയോഗശൂന്യമായ തടിഷട്ടറുകളും അനുബന്ധ സ്റ്റീൽ സാമഗ്രികളും നിലവിലുള്ള സ്ഥിതിയിലും നിബന്ധനകൾ അനുസരിച്ചും 2018-ാം മാണ്ട് ഫെബ്രുവരി മാസം 22-ാം തീയതി രാവിലെ 11 മണിക്ക് താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പ്രസ്തുത വസ്തുവകകൾ സൂക്ഷിച്ചിരിക്കുന്ന ചേർത്തല അന്ധകാരനഴി പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യം ഉള്ളവർ ലേലസമയത്തിന് ഒരു മണിക്കൂർ മുൻപായി 1400രൂപ (ആയിരത്തി നാനൂറു രൂപ ) നിരതദ്രവ്യം കെട്ടിവച്ച് പേരു രജിസ്ററർ ചെയ്യേണ്ടതും ലേലത്തിൽ പങ്കൊള്ളേണ്ടതുമാണ്.

ലേലത്തിൽ കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും അങ്ങനെ സ്ഥിരപ്പെടുത്തി കിട്ടിയ ആൾ അപ്പോൾതന്നെ മുഴവൻ തുകയും നിലവിലുള്ള വിൽപ്പനനികുതികളും കെട്ടിവയ്ക്കേണ്ടതും ആയതിൽ വീഴ്ച്ചവരുത്തിയാൽ ടിയാനെ ഒഴിവാക്കി ബാക്കി ലേലക്കാരെ ഉൾപ്പെടുത്തി അപ്പോൾതന്നെ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചാൽ ആ നഷ്ടം ആദ്യലേലക്കാരനിൽനിന്നും റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതും ആകുന്നു.

യാതൊരു കാരണവും കാണിക്കാതെ ലേലം റദ്ദ്ചെയ്യുന്നതിനോ മാറ്റിവയ്ക്കുന്നതിനോ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും ലേലം അന്തിമമായി സ്ഥിരപ്പെടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് മാത്രം അധികാരമുള്ളതും ലേലതീയതി മുതൽ ഒരാഴ്ചക്കകം ലേലം സ്ഥിരപ്പെടുത്തുന്നതിനോ താല്ക്കാലികമായി സ്ഥിരപ്പെടുത്തൽ റദ്ദാക്കി പുനർലേലം ചെയ്യുകയോ ആകാവുന്നതാണ്.

ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള അറിയിപ്പ്കിട്ടിയാലുടൻതന്നെ ലേലസാധനങ്ങൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതും ആയതിൽ വീഴ്ചവരുത്തിയാൽ അടച്ചതുക മുഴുവൻ സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും ലേലസാധനങ്ങളിൽ ടിയാന് യാതൊരു അവകാശവും ഇല്ലാതാകുന്നതുമായിരിക്കും.

ജലസേചനവകുപ്പിന്റെ എല്ലാചട്ടങ്ങളും നിബന്ധനകളും ഇതിനു ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ അന്വേഷിച്ചറിയാവുന്നതാണ്.

അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ജിനീയർ, ഡ്രഡ്ജർ സബ്ഡിവിഷൻ, എറണാകുളം, എറണാകുളം പിൻ-682030

*അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ജിനീയർ*
ഡ്രഡ്ജർ സബ്ഡിവിഷൻ, എറണാകുളം
സിവിൽസ്റ്റേഷൻ, കാക്കനാട്, കൊച്ചി-30.
ഫോൺ : 0484 2421410
ഈമെയിൽ: aeemechdsdekm@gmail.com